ഉത്തരം

(എ) പുതിയ സ്കൂളുകൾ തുടങ്ങുന്നതിന് സാധ്യതയില്ലാത്തതും, എന്നാൽ പ്രാഥമിക വിദ്യാഭ്യാസത്തിന് ഒട്ടുംതന്നെ സാഹചര്യമില്ലാത്തതുമായ സ്ഥലങ്ങളിൽ ഡി.പി.ഇ.പി.യുടെ കീഴിൽ ഭിന്നതല പഠന കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ ഏകാധ്യാപക വിദ്യാഭ്യാസ രീതിയാണ് പിന്തുടരുന്നത്. ആറു ഡി.പി.ഇ.പി. ജില്ല (തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ്) കളിലായി മൊത്തം 84 ഭിന്നതല പഠനകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്.

(ബി) ഇടുക്കി ജില്ല ഒഴികെ മറ്റെല്ലാ ഡി.പി.ഇ.പി. ജില്ലകളിലെയും ഭിന്നതല പഠന കേന്ദ്രത്തിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകി വരുന്നു. ഇടുക്കി ജില്ലയിൽ ഇത് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) കൊംപൈകാണി എന്ന സെറ്റിൽമെന്റിൽ വച്ചാണ് ആയിരംകാൽ, പത്തായംവച്ചഅപ്പ്, കൊംപൈ, ആമല തുടങ്ങിയ ഗിരിവർഗ്ഗ സെറ്റിൽമെന്റിലെ കുട്ടികൾക്കുവേണ്ടി ഭിന്നതല പഠനകേന്ദ്രങ്ങൾ നടത്തുന്നത്.

(ഇ) ഇല്ല. സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ വില്ലേജ് എഡ്യൂക്കേഷൻ കമ്മിറ്റി ആരംഭിച്ചിട്ടുണ്ട്.

52 (469) സി.ബി.എസ്.ഇ. സ്കൂൾ തുടങ്ങുന്നതിന് എൻ.ഒ.സി.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.ബി.എസ്.ഇ. സ്കൂളുകൾ തുടങ്ങുന്നതിന് എൻ.ഒ.സി. നൽകുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം ജില്ലകളിൽനിന്ന് എത്ര അപേക്ഷകൾ വീതം ലഭിച്ചു;

(സി) സി.ബി.എസ്.ഇ. സ്കൂൾ തുടങ്ങുന്നതിനുള്ള എൻ.ഒ.സി. നൽകുന്നതിന് ഇപ്പോൾ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അർഹിക്കുന്നവർക്ക് എൻ.ഒ.സി. നൽകുന്നതിന് കാലതാമസം ഒഴിവാക്കുമോ?

ഉത്തരം

(എ) ഈ വർഷം 41 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി)

തിരുവനന്തപുരം	–	5
കൊല്ലം	–	3
പത്തനംതിട്ട	–	1
ആലപ്പുഴ	–	3
കോട്ടയം	–	3
ഇടുക്കി	–	4

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം	–	8
തൃശ്ശൂർ	–	2
പാലക്കാട്	–	3
മലപ്പുറം	–	3
കോഴിക്കോട്	–	1
കണ്ണൂർ	–	1
കാസർഗോഡ്	–	4
ആകെ		41

(സി)&(ഡി) ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

53 (470) പാഠപുസ്തകങ്ങളുടെ വിതരണം

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ പാഠ്യവിഷയങ്ങളിലുള്ള ഏതെല്ലാം പുസ്തകങ്ങളാണ് 1999 സെപ്തംബർ 30 വരെ ലഭ്യമാക്കാതിരുന്നിട്ടുള്ളത്;

(ബി) ഇവ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിന് താമസം ഉണ്ടാകുവാനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) എല്ലാ പാഠപുസ്തകങ്ങളും എപ്പോൾ കൊടുത്തുതീർക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അഞ്ചാം ക്ലാസ്സിലെ മാറ്റം വന്ന പുസ്തകങ്ങളും സംസ്ഥാനത്തെ ആറു ഡി.പി.ഇ.പി. ജില്ലകളിലെ ആറാം ക്ലാസ്സിൽ പുതുതായി ഏർപ്പെടുത്തിയ പാഠപുസ്തകങ്ങളും ഒഴികെ ബാക്കി പാഠപുസ്തകങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പുതുതായി ഏർപ്പെടുത്തിയ പാഠപുസ്തകങ്ങളുടെ ആവിഷ്കാരത്തിൽ അല്പം കാലതാമസം നേരിട്ടതിനാൽ അവയുടെ അച്ചടി വിതരണം എന്നിവ സമയബന്ധിതമായി തീർക്കാൻ താമസം നേരിട്ടു.

(സി) 1999-2000 അദ്ധ്യയന വർഷത്തേക്ക് ആവശ്യമുള്ള പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയായിക്കഴിഞ്ഞു.

54 (471) ചിത്രകലാ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചിത്രകലാ വിദ്യാർത്ഥികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ വിശദമാക്കിക്കൊണ്ട് ശ്രീ. പി.പി. സുമനൻ (ജില്ലാ സെക്രട്ടറി, കേരള ചിത്രകലാ പരിഷത്ത്, ആലപ്പുഴ ജില്ല) 1999 ജൂലൈ മാസത്തിൽ

LIBRARY ARCHIVES Kerala Legislative Assembly